"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 14.05.2024

# മദ്യം വിൽക്കാൻ ബിവറേജസിൽ കമ്മിഷൻ- രണ്ട് ലക്ഷം വിജിലൻസ് പിടികൂടി

കൺസ്യൂമർ ഫെഡ്, ബിവറേജസ് ഔട്ട് ലെറ്റുകളിൽ മദ്യ വിൽപ്പനയ്ക്ക് കമ്മിഷൻ. വിജിലൻസ് പരിശോധനയിൽ വൻ തുക കണ്ടെത്തി. മദ്യ കമ്പനി ഏജന്റിൽ നിന്നാണ് രണ്ടു ലക്ഷത്തോളം രൂപ പിടി കൂടിയത്.

ഇന്ന് (14/05/2024) രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പാലക്കാട് ജില്ലയിലെ മുണ്ടൂർ കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റിൽ പരിശോധന നടത്തിയത്. പരിശോധന നടത്തുമ്പോൾ മദ്യ കമ്പനിയുടെ ഏജന്റ്, കഴിഞ്ഞ മാസം വിറ്റ വകയിലുള്ള കമ്മിഷൻ തുകയായ 8,000/- രൂപ സെയിൽസ്മാന് കൈമാറുകയായിരുന്നു. തുടർന്ന് മുണ്ടൂർ കൺസ്യൂമർ ഫെഡിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ പ്രീമിയം കൗണ്ടറിലെ മേശക്ക് താഴെ കടലാസ് ചുരുളുകളിൽ വിവിധ കമ്പനികൾ നൽകിയ നിലയിൽ 15,180/- രൂപയും വിജിലൻസ് കണ്ടെടുത്തു. തുടർന്ന് മദ്യ കമ്പനി ഏജന്റുമാർ വന്ന വാഹനം പരിശോധിച്ചു. അതിൽ 43 ബ്രൗൺ കവറുകളിലായി പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട് ജില്ലകളിലെ വിവിധ ബെവ്കോ ഔട്ട് ലെറ്റുകളുടെ പേര്, കമ്മീഷൻ തുക എന്നിവ രേഖപ്പെടുത്തിയ 1,78,340/- രൂപയും വിജിലൻസ് പിടികൂടി. ഇപ്രകാരം ആകെ 2,01,520/-രൂപ വിജിലൻസ് ഇന്ന് (14/05/2024) പിടികൂടി.

കേരളത്തിലെ ബെവ്കോ ഔട്ട് ലെറ്റുകൾ വഴിയും, കൺസ്യൂമർ ഫെഡിന്റെ ഔട്ട് ലെറ്റുകൾ വഴിയും ചില ജീവനക്കാർ സർക്കാർ മദ്യം വിൽപ്പന നടത്താൻ മടി കാണിക്കുന്നതായും എന്നാൽ സ്വകാര്യ ഡിസ്റ്റിലറികളുടെ മദ്യം കമ്മിഷൻ വാങ്ങി ഔട്ട് ലെറ്റുകളിൽ പ്രദർശിപ്പിച്ച് കൂടുതൽ വിൽപ്പന നടത്താൻ ഉത്സാഹം കാണിക്കുകയും ചെയ്യുന്നതായി

വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസിന്റെ ഇന്റലിജൻസ് വിഭാഗം നിരവധി ദിവസം നടത്തിയ നിരീക്ഷണത്തിന് ശേഷമാണ് കമ്മിഷനുമായി വന്ന സ്വകാര്യ മദ്യ ഡിസ്റ്റിലറിയിലെ ഏജന്റുമാരെ പിന്തുടർന്ന് കൈയ്യോടെ പിടികൂടാനായത്.

എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മറ്റൊരു മദ്യ കമ്പനിയുടെ ഏജന്റിന്റെ കൈയ്യിൽ നിന്നും കഴിഞ്ഞ മാസം ഒൻപതാം തിയതി ഒറ്റപ്പാലം കൺസ്യൂമർ ഫെഡിലെ ജീവനക്കാർക്ക് കമ്മിഷനായി നൽകാൻ കൊണ്ടുവന്ന 51,500/- രൂപയും രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് പിടികൂടിയിരുന്നു.

പാലക്കാട് ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ പാലക്കാട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. സി.എം.ദേവദാസിനെ കൂടാതെ ഇൻസ്പെക്ടറായ ശ്രീ. ബിൻസ് ജോസഫ് പോലീസ് സബ് ഇൻസ്പെക്ടർമാരായ സുരേന്ദ്രൻ, ശ്രീ.ബൈജു, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഉവൈസ്, സുബാഷ്, രാകേഷ്, രഞ്ജിത് സിവിൽ പോലീസ് ഓഫീസർമാരായ സന്തോഷ്, ജിഥിൻ തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.